വൈക്കം നിയോജകമണ്ഡലത്തിൽ ടൂറിസം

238 (5041) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെകീഴിൽ വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ ടൂറിസം പദ്ധതിക്ക് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള വൈക്കത്ത് ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കത്തെ ചില പഞ്ചായത്തുകളിൽ അനുവദിച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ഡി) വിനോദസഞ്ചാര മേഖലയിൽ വൈക്കത്ത് ഇനി ഏതൊക്കെ പദ്ധതികൾക്കാണ് സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	പദ്ധതി	അനുവദിച്ച തുക
1	വേമ്പനാട് തീരം വികസന ടൂറിസം പദ്ധതി	97.38 ലക്ഷം രൂപ
2	വൈക്കം വടയാൽ വേൾഡ് അമിനിറ്റി സെന്റർ, തലയോലപ്പറമ്പ്	47 "
3	വലിയാനപ്പഴ എന്ന സ്ഥലത്ത് 'ടേക്ക് എ ബ്രേക്ക് ടൂറിസം പദ്ധതി	46 "

LIBRARY ARCHIVES Kerala Legislative Assembly

(ബി) " Gods own Country People's own Tourism" പദ്ധതിയിൽ മറവൻ തുരുത്ത്, ചെമ്പ്, തലയാഴം തുടങ്ങിയ പഞ്ചായത്തുകളെയും വൈക്കം മുനിസിപ്പാലിറ്റിയെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മറവൻതുരുത്ത് പഞ്ചായത്തിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി പൂർത്തിയാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(ഡി) വൈക്കം, മറവൻതുരുത്ത്, ചെമ്പ്, ഉദയനാപുരം, കല്ലറ (എഴുമാന്തുരുത്ത് പ്രദേശം) എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വരുന്ന ടൂറിസം സീസണിൽ ആരംഭിക്കും. വൈക്കം താലൂക്കിലെ വിവിധ പ്രാദേശിക പ്രത്യേകതകളുള്ള ഉത്സവങ്ങളും കലാരൂപങ്ങളും ഉൾപ്പെടുത്തി ഫെസ്റ്റിവൽ കലണ്ടർ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുകയും അവയെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് ഉൾപ്പെടെ വിവിധ ടൂർ പാക്കേജുകളുടെ ഭാഗമാക്കി മാറ്റുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലവിമാന സർവ്വീസ് പദ്ധതി

239 (5042) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല വിമാന സർവ്വീസ് പദ്ധതി എന്നു മുതലാണ് പുനരാരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജല വിമാന സർവ്വീസ് പദ്ധതിയിൽ പങ്കാളിയാകുന്ന സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പ്രഖ്യാപിച്ചശേഷം പ്രതിഷേധവുമായി രംഗത്തുവന്ന പരിസരവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ ഉന്നയിച്ച ആശങ്കകൾ പരിഹരിച്ചുവോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly